പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3312

19.06.2019-ൽ മറുപടിയ്ക്ക്

## എയ്ഡഡ് മേഖലയിൽ പുതുതലമുറ കോഴ്സുകൾ

*ചോദ്യം*

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വി.ടി.ബൽറാം
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.റോജി എം. ജോൺ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇന്നത്തെ മത്സരാധിഷ്ഠിതമായ ലോകത്ത് ജീവിതത്തിൽ വിജയിക്കുവാൻ മികച്ചതും ആധുനികവുമായ വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും കൂടിയേ തീരുവെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സരാധിഷ്ഠിതമായ ലോകത്ത് പുതിയ കാലത്തെ നേരിടുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന പുതുതലമുറ കോഴ്സുകൾ മലബാറിലെ വിദ്യാർത്ഥികൾക്ക് അന്യമായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി), (സി) & (ഡി) | എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കോഴ്സുകൾ പരിഷ്കരിച്ച് നവീന ബ്രാഞ്ചുകൾ തുടങ്ങുന്ന കാര്യം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിന്റെ പരിഗണനയിലാണ്. മലബാർ മേഖലയിലെ ചുവടെ ചേർത്തിരിക്കുന്ന പോളിടെക്നിക്ക് കോളേജുകളിൽ ത്രിവത്സര ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് നടത്തിവരുന്നുണ്ട്.<br>1. EKNM സർക്കാർ പോളിടെക്നിക്ക് |
| (സി) | ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ആധുനിക കോഴ്സുകളൊന്നും മലബാർ ഭാഗത്തെ കോളേജുകളിൽ ഇതുവരെ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | | |
| (ഡി) | എയ്ഡഡ് മേഖലയിൽ പുതുതലമുറ | | |

| | | |
|---|---|---|
| കോഴ്സുകൾ തുടങ്ങിയാൽ മാത്രമേ മലബാറിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരമാകുകയുള്ളു എന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | | കോളേജ്, തൃക്കരിപ്പൂർ<br>2. AWH പോളിടെക്നിക്ക് കോളേജ്, മുക്കം, കോഴിക്കോട് (സ്വാശ്രയം)<br>3. KMCT പോളിടെക്നിക്ക് കോളേജ്, കോഴിക്കോട് (സ്വാശ്രയം)<br>കൂടാതെ KMCT വനിതാ എഞ്ചിനീയറിംഗ് കോളേജിലും (സ്വാശ്രയം) ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദ കോഴ്സ് നടത്തിവരുന്നുണ്ട്. കേരളത്തിലെ സർക്കാർ / എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലൊന്നും ബയോമെഡിക്കൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലകളിൽ ബിരുദതല കോഴ്സ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ